LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

19(5599) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിതരണം ചെയ്യുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(ബി) എത്ര കോടി രൂപ ഇതിനായി വിതരണം ചെയ്തിട്ടുണ്ട് ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു ?

ഉത്തരം

(എ) സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽ ഗുരുതരമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ, കടൽക്ഷോഭംമൂലമുണ്ടായ ദുരന്തബാധിതർ, ഇടിമിന്നൽ, തീപിടിത്തം എന്നിവമൂലം നാശനഷ്ടങ്ങൾ നേരിടുന്നവർ, അപകട മരണങ്ങൾക്കിരയാകുന്നവർ എന്നിവർക്ക് സർക്കാരിന്റെ ഒരു ആശ്വാസ ധനസഹായം എന്ന രീതിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ സഹായം ഉൾപ്പെടെ വിവിധ ധനസഹായ വിതരണത്തിനായി 3-7-2015 വരെ ആകെ 498,61,38,381 (നാനൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സി) ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ്, ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സമർപ്പിക്കപ്പെടുന്ന ധനസഹായത്തിനായുള്ള അപേക്ഷകൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ മുഖേന വിതരണം ചെയ്യുകയും ചെയ്യുവരുന്നു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

20(5600) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;